**പതിമൂന്നാം കേരള നിയമസഭ**

**അഞ്ചാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 4709 29.6.2012-ൽ മറുപടിയ്ക്ക്**

## ഹോർമോൺ കുത്തിവച്ച ഇറച്ചിക്കോഴികൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ശ്രീ. ജോസ് തെറ്റയിൽ<br>ശ്രീ.മാത്യൂ. റ്റി. തോമസ്<br>ശ്രീ.സി. കെ. നാണു | | ശ്രീ.കെ.പി.മോഹനൻ<br>കൃഷിയും,മൃഗസംരക്ഷണവും അച്ചടിയും,സ്റ്റേഷനറിയും വകുപ്പ് മന്ത്രി |
| എ) | ഹോർമോണുകൾ കുത്തിവച്ചിരിക്കുന്ന ഇറച്ചിക്കോഴികളെ ഉപയോഗിക്കുന്നവരിൽ ഉണ്ടാകുന്ന ശാരീരിക വ്യതിയാനങ്ങളെക്കുറിച്ച് എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ; | എ) | ശാസ്ത്രീയമായ പഠനം മൃഗസംരക്ഷണ വകുപ്പ് നടത്തിയിട്ടില്ല. |
| ബി) | എങ്കിൽ എന്തൊക്കെ വസ്തുതകളാണ് പഠനത്തിൽ വെളിപ്പെട്ടിരിക്കുന്നത് എന്ന് വിശദമാക്കുമോ; | ബി) | ബാധകമല്ല |
| സി) | ഇറച്ചിക്കായി കൊണ്ടുവരുന്ന കോഴികളെ ഇത് സംബന്ധിച്ച പരിശോധനകൾക്ക് വിധേയമാക്കാറുണ്ടോ? | സി) | സംസ്ഥാന പൗൾട്രി വികസന കോർപ്പറേഷന്റെ കീഴിൽ കുടപ്പനക്കുന്ന് ബ്രോയിലർ ബ്രീഡിംഗ് ഫാമിൽ ഉത്പാദിപ്പിക്കുന്ന ഒരു ദിവസം പ്രായമായ ഇറച്ചി കോഴിക്കുഞ്ഞുങ്ങളെയും കെപ്കോയുടെ കോഴിത്തീറ്റ ഫാക്ടറിയിൽ ഉത്പാദിപ്പിക്കുന്ന തീറ്റയും കേരളത്തിലെ കർഷകർക്ക് നൽകി വളർത്തിയെടുത്ത് പേട്ടയിലെ മാംസസംസ്കരണ കേന്ദ്രത്തിൽ ശാസ്ത്രീയമായി സംസ്കരിച്ചാണ് " കെപ്കോ കോഴിയിറച്ചി " എന്ന പേരിൽ വിപണനം നടത്തുന്നത്. കോർപ്പറേഷനിലെ ഡോക്ടർമാരുടെ മേൽ നോട്ടത്തിലാണ് ഈ കോഴികളെ വളർത്തിയെടുക്കുന്നത്. കോഴികളെ ഇറച്ചിക്കുവേണ്ടി കൊല്ലുന്നതിനു മുൻപ് ഡോക്ടർമാർ പരിശോധിച്ച് (ആന്റിമോർട്ടം ഇൻസ്പെക്ഷൻ ) രോഗങ്ങളില്ല എന്ന് ഉറപ്പു വരുത്താറുണ്ട്. ശാസ്ത്രീയമായി സംസ്കരിച്ച കോഴിയിറച്ചിയുടെ |

ഗുണനിലവാരം ഡോക്ടർ സാക്ഷ്യപ്പെടുത്തിയ ശേഷമാണ് കെപ്കോ കോഴിയിറച്ചി ജനങ്ങൾക്ക് നൽകുന്നത്. അന്യസംസ്ഥാനങ്ങളിൽ നിന്നും കൊണ്ടു വരുന്ന കോഴികളെ സംബന്ധിച്ച് കെപ്കോ പരിശോധന നടത്തുന്നില്ല.

Seela

സെക്ഷൻ ഓഫീസർ